കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പടിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.14/187/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698

തിയ്യതി. 22.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

പടിയൂർ ഗ്രാമ പഞ്ചായത്ത് .

സർ,

വിഷയം: പടിയൂർ ഗ്രാമപഞ്ചായത്ത് 2017-18-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

---------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-3,3-1,3-2,3-5എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പ്രതി

നം.കെ.എസ്.എ./കെ.എൻ.ആർ./സി.14/187/2019 തീയ്യതി: 22.03.2019

# കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന്റ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമ പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 18 എണ്ണം നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ശശികുമാർ, എം.പി.<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 04-02-2019 മുതൽ 15-02-2019 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ബിസ്മി എസ് നായർ. | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ശ്രീജ.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ആന്റണി .ജെ | 01-04-2017 മുതൽ 20-05-2017 വരെ |
| | ശ്രീമതി.സവിത.എം (അസി.സെക്രട്ടറി) | 21-05-2017 മുതൽ 17-06-2017 വരെ |
| | ശ്രീ.ഗോപി.എ.പി. (അസി.സെക്രട്ടറി) | 18-06-2017 മുതൽ 20-09-2017 വരെ |
| | ശ്രീ.കെ.നാരായണൻ | 21-09-2017മുതൽ 31-03-2018 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.വിനോദ് കുമാർ. കെ. വി | 01-04-2017 മുതൽ 06-07-17 വരെ |
| | ഡോ.ഷീബ പി.റ്റി | 07-07-17 മുതൽ 29-08-2017 വരെ |
| | ശ്രീ. സുരേന്ദ്രൻ എ. | 30-08-2017മുതൽ 16-11-2017 വരെ |
| | ശ്രീമതി.ഷോണി എസ്.പി. | 17-11-2017മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ധന്യ യു.കെ | 01-04-2017മുതൽ 05-05-2017 വരെ<br>07-07-2017മുതൽ 31-10-2017 വരെ |
| | ശ്രീ.കലേഷ് കെ. | 06-05-2017 മുതൽ 06-07-2017 വരെ |
| | ശ്രീ.മോഹൻ ദാസ് ഒ. ജി. | 01-11-2017 മുതൽ |

| | | |
|---|---|---|
| | | 31-03-2018 വരെ |
| വെറ്റിനറി | ഡോ.ജവഹർ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ,പടിയൂർ | ശ്രീ.അബ്ദുള്ള.സി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ,കല്യാട് | ശ്രീ.ജെയിംസ്.കെ.സി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.വോൾഗ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സവിത എം | 01-04-2017 മുതൽ 17-06-17 വരെ |
| | ശ്രീ.ഗോപി എ.പി. | 18-06-17 മുതൽ 31-03-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അനിത.പി. | 01.04.2017 മുതൽ 12.09.2017 വരെ |
| | ശ്രീമതി.അനിത.കെ. | 13.09.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | ഡോ.രഞ്ജിത്ത് നമ്പൂതിരി | 01-04-2017 മുതൽ 04-11-2017 വരെ |
| | ഡോ.അമ്മു ബി.ബി. | 05-11-2017 മുതൽ 18-11-2017 വരെ |
| | ഡോ.അമ്മു ബി.ബി. | 19-11-2017 മുതൽ 18-02-2018 വരെ |
| | ഡോ.അമ്പിളി സി | 19-02-2018 മുതൽ 31-03-2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സ്നേഹേഷ്.കെ. | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 05.07.2017 വരെ |
| | ശ്രീമതി.അശ്വതി.കെ.ടി | 06.07.2017 മുതൽ<br>31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 – പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 - വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | തൊഴിൽ നികുതി -അപാകം സംബന്ധിച്ച് | 2-1 |

| | | |
|---|---|---|
| 14 | ഡി&ഒ ലൈസൻസ് -അപാകങ്ങൾ | 2-2 |
| 15 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് -തുക ഒടുക്കിയതിൽ കാലതാമസം | 2-3 |
| 16 | ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല | 2-4 |
| | ഭാഗം 3 - ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | പട്ടിക വർഗ്ഗ യുവതി യുവാക്കൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനം - അധിക സബ്സിഡി അനുവദനീയമല്ല – 9600/-തിരിച്ചടക്കേണ്ടതാണ്. | 3-1 |
| 18 | ആവശ്യമായ രേഖകളോ വിശദീകരണങ്ങളോ നൽകിയില്ല-നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഒട്ടേറെ അപാകങ്ങൾ | 3-2 |
| 19 | പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് മുൻകൂറായി ഒടുക്കിയത് സർക്കാർ ഉത്തരവ് ഇല്ലാതെ | 3-3 |
| 20 | വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ - വിതരണ രേഖകൾ ഇല്ല- 99552/-രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 21 | ഷ്രഡിംഗ് മെഷീൻ സ്ഥാപിക്കൽ - മെഷീൻ സ്ഥാപിച്ചെങ്കിലും പ്രവർത്തനം തുടങ്ങിയില്ല. | 3-5 |
| 22 | പി.എം.എ.വൈ.പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിൽ നിന്നും അനുവദിച്ച സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ് | 3-6 |
| 23 | കന്നുകുട്ടി പരിപാലനം - വിനിയോഗപത്രം ഹാജരാക്കിയില്ല | 3-7 |
| 24 | കാർഷിക മേഖലയിലെ പദ്ധതികൾ -വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുന്നില്ല | 3-8 |

| | | |
|---|---|---|
| 25 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-9 |
| 26 | റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു | 3-10 |
| 27 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല. | 3-11 |
| 28 | യുവതികൾക്ക് സ്വയം രക്ഷാ പരിശീലനം-അധികമായി അനുവദിച്ച ₹2520 നിരാകരിക്കുന്നു. | 3-12 |
| 29 | സ്കൂൾ കുട്ടികൾക്ക് ഡയറി-പദ്ധതി അപാകങ്ങൾ | 3-13 |
| | ഭാഗം4<br>പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | |
| 30 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ട് | 4-7 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

| | | |
|---|---|---|
| 41 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, | അനുബന്ധം-2-1 |
| 42 | ഇൻകം ആന്റ് എക്സ്പ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2017തീയതിയിലെ 35/17തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ആയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 591656 |
| വരവ് | 132612500 |
| ആകെ | 133204156 |
| ചെലവ് | 131511500 |
| നീക്കിയിരിപ്പ് | 1692656 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2018 | 03.07.2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28.06.2018 & 29.06.2018 | KSA/KNR /C14/1330/18 തീ.17.07.2108 |

| | | |
|---|---|---|
| | | |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11080559 |
| വരവ് | 56393351 |
| ആകെ | 67473910 |
| ചെലവ് | 56262699 |
| നീക്കിയിരിപ്പ് | 11211211 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13902000 | 13902000 | 13506193 | 395807 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1456110 | 1456110 | 1456110 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2195108 | 2195108 | 1312250 | 882858 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6374000 | 6374000 | 6374000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3044000 | 3044000 | 2095031 | 948969 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11759286 | 11759286 | 9204803 | 2554483 |
| കെ.എൽ.ജി.എസ്.ഡി.പി (ACR പ്രകാരം) | 0 | 2065604 | 2065604 | 1978391 | 87213 |
| സാക്ഷരത | 1980 | 86903 | 88883 | 45230 | 43653 |
| ദുരിതാശ്വാസനിധി | 247074 | 8405 | 255479 | 142500 | 112979 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 10993244 | 10993244 | 10993244 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1000 | 957014 | 958014 | 951108 | 6906 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വെസ്റ്റേൺ ഘട്ട് | | 0 | 37510 | 37510 | 37510 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 420343 | 1706500 | 2126843 | 1010411 | 1116432 |
| | ജില്ലാ പഞ്ചായത്ത് | 164790 | 140000 | 304790 | 290000 | 14790 |
| ബി ഫണ്ട് | | 0 | 38410420 | 38410420 | 38410420 | 0 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 7978067 | 3379410 | 11357477 | 3793086 | 7564391 |

* ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2017-18 വർഷം 7479000/-രൂപ ലഭിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗം സംബന്ധിച്ച് പ്രത്യേകം രജിസ്റ്ററോ, അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല. തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങളാണ് മേൽ കാണിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മറ്റ് ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിനിയോഗം നിരീക്ഷിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 54398667 | 136 | 40978167 | 21 | 17 | 84.56 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 23 | 6242944 | 4817099 | 77.16 |
| കൃഷി ഓഫീസർ | 13 | 12 | 4092404 | 2472675 | 60.42 |
| വെറ്റിനറി സർജൻ | 7 | 6 | 2674000 | 1076000 | 40.24 |
| വി.ഇ.ഒ(പടിയൂർ) | 6 | 5 | 3393356 | 2884956 | 85.02 |
| വി.ഇ.ഒ(കല്യാട്) | 5 | 5 | 1992183 | 1330244 | 66.77 |
| അസി.എഞ്ചിനിയർ | 60 | 56 | 25788030 | 20066513 | 77.81 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 9 | 5315500 | 4199358 | 79 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 3 | 3 | 950000 | 947700 | 93.76 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 3 | 3 | 800000 | 717475 | 89.68 |
| അസി.സെക്രട്ടറി | 15 | 13 | 2217750 | 1533650 | 69.15 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 932500 | 932499 | 99.99 |
| ആകെ | 153 | 136 | 54398667 | 40978167 | 75.13 |

ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 15724436 | 13506193 | 85.89 |
| എസ്.സി.പി | 1767000 | 1456110 | 82.41 |
| ടി.എസ്.പി | 2351000 | 1456110 | 55.82 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 10634563 | 9204803 | 86.56 |
| ലോകബാങ്ക് ധനസഹായം | 2130603 | 1978391 | 92.86 |

| | | | |
|---|---|---|---|
| കേന്ദ്രാവിഷ്കൃതം | 700000 | 700000 | 100 |
| സംസ്ഥാനാവിഷ്കൃതം | 3500000 | 2067297 | 59.07 |
| തനത് ഫണ്ട് | 1676773 | 732671 | 43.70 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2188042 | 1010411 | 46.18 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 290000 | 290000 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 6875473 | 6374000 | 92.71 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 3481682 | 2095031 | 60.17 |
| മറ്റുള്ളവ | 3079095 | 251010 | 81.52 |
| ആകെ | 54398667 | 40978167 | 75.13 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിയിൽ 2017-18 വർഷം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.ആകെ അംഗീകാരം ലഭിച്ച 153 പ്രൊജക്ടുകളിൽ 136 എണ്ണം നടപ്പിലാക്കാനായിട്ടുണ്ട്.അതേ സമയം 2017-18 വർഷം സർക്കാറിൽ നിന്നും ലഭിച്ച വിവിധ ഫണ്ടുകളിൽ 48.69 ലക്ഷംരൂപ ചെലവഴിക്കാൻ സാധിക്കാത്തതിനാൽ പാഴായിട്ടുണ്ട്.ഇതിൽ 18.26 ലക്ഷം രൂപ കൃബില്ലിൽ ഉൾപ്പെട്ട തുകകളാണ്.

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിച്ചില്ലെങ്കിൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ പദ്ധതി പണം പാഴാകാതിരിക്കുന്നതിന് വേണ്ടത്ര മുന്നൊരുക്കം കാലേക്കൂട്ടി നടത്തേണ്ടതായുണ്ട്. ആയതിനാൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.തുടർ വർഷങ്ങളിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ് എന്നിവയിലും ഇതുമായി ബന്ധപ്പെട്ട നടപടി

ക്രമങ്ങൾ പാലിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ട്.

ജി.ഒ.(എം.എസ്)10/17തസ്വഭവ.തീ.09.01.2017ഉത്തരവ് പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 16 അംഗ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം തൃപ്തികരമല്ല. സമിതി അംഗങ്ങളുടെ പട്ടിക ഫോറം 1 ൽ തയ്യാറാക്കി നടപടി ക്രമം ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൌത്യം. സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായുണ്ട്.

മേൽ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗങ്ങളുടെ പട്ടിക നിശ്ചിത മാതൃകയിൽ (അനുബന്ധം 2) തയ്യാറാക്കി ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. 2017-18 വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വേണ്ടി വർക്കിംഗ് ഗ്രൂപ്പുകൾ അഞ്ച് തവണ യോഗം ചേർന്നിട്ടുണ്ട്. പൊതുവെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ലെന്ന് സൂക്ഷിച്ച രേഖകളിൽനിന്നും വ്യക്തമാകുന്നു.

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1000 | 957014 | 958014 | 951108 | 6906 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10993244 | 10993244 | 10993244 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 99120 | 182 |
| കർഷകതൊഴിലാളി പെൻഷൻ | 9089500 | 757 |
| വിധവാപെൻഷൻ | 9596900 | 798 |
| വാർദ്ധക്യകാലപെൻഷൻ | 16272900 | 1310 |
| വികലാംഗപെൻഷൻ | 2802000 | 228 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 280000 | 32 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 455/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണസംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതായുണ്ട്. ഓഡിറ്റ് കാലയളവിൽ ജീവനക്കാരുടെ പ്രതിമാസ യോഗം രണ്ട് തവണമാത്രമേ വിളിച്ചുചേർത്തിട്ടുള്ളൂ. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള മേൽ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ചകൾ വന്നിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഡയറി കൃത്യമായി സൂക്ഷിക്കാത്തത് മറ്റൊരു പോരായ്മയാണ്. ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും യഥാസമയം സേവനം ലഭ്യമാക്കുന്നുണ്ടെന്നും അവ തീർപ്പ് കൽപ്പിക്കപ്പെടുന്നുവെന്നും ഉറപ്പുവരുത്താൻ സാധിക്കാത്ത സ്ഥിതിയാണ് ഇതുമൂലം ഉണ്ടാകുന്നത്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പ്രസിഡണ്ട് ചെയർമാനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതുണ്ടെങ്കിലും ഇപ്രകാരം നടന്നിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162(എ)പ്രകാരം പൊതു ഭരണം എന്ന ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഗ്രാമപഞ്ചായത്തിന്റെ ഭരണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് പൊതുഭരണ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഓഫീസിന്റെ ആന്തരിക സംവിധാനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ, ഫ്രണ്ട് ഓഫീസ് നടത്തിപ്പ്, നൽകുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തൽ, ഓഫീസ് ചുമതലാ വിഭജനവും

പ്രവർത്തനവും, സ്റ്റാഫ് മീറ്റിംഗ് നടത്തിപ്പും വിലയിരുത്തലും തുടങ്ങിയ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതായുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-10-2018 | 01-06-2018 മുതൽ 30-09-2018 വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-08-2014മുതൽ 02-09-2014 വരെ | 2009-10 മുതൽ 2013-14 വരെ | 23-10-2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ടിട്ടുള്ള ഇതുവരെയായി പരിഹരിക്കാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട പരാമർശങ്ങൾ.

1. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ്, 2016-17 വർഷത്തെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിൽ കാണിച്ച തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | 2016-17 ലെ AFS പ്രകാരം | വ്യത്യാസം |
|---|---|---|---|
| കോൺട്രാക്ടേഴ്സ് EMD | 14335 | 227504 | 213169 |
| Bidders EMD | 53549 | 217825 | 164276 |
| Suppliers Security Deposit | 6550 | 7060 | 510 |
| Other Deposits | 1050 | 43600 | 42550 |
| Other Deposits (Revenue) | 272 | 3859 | 3587 |

Bidders Security Deposit ഇനത്തിൽ 2016-17 വർഷത്തെ B-7 ഷെഡ്യൂൾ പ്രകാരം ₹2300 ബാലൻസുണ്ട്. ഈയിനത്തിൽ രജിസ്റ്റർ പ്രകാരവും AFS പ്രകാരവും ചെലവ് വന്നതായി കാണുന്നില്ല. എന്നാൽ 2017-18 ലെ B-7 ഷെഡ്യൂൾ പ്രകാരം രജിസ്റ്റർ പ്രകാരവും ഈയിനത്തിൽ ബാലൻസില്ല.

2. തനത് ഫണ്ടിനോടൊപ്പം നിക്ഷേപിച്ച താഴെപ്പറയുന്ന ഹെഡുകളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ /സംയുക്ത പ്രോജക്ടിനുള്ള തുകകൾ എന്നിവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| ഹെഡ് (B- 4) ഷെഡ്യൂൾ | ബാലൻസ് തുക |
|---|---|
| 320100121 | 671924 |
| 320100203 | 1426178 |
| 320100204 | 11984 |
| 320200322 | 2432731 |
| 320200399 | 157429 |
| 320300199 | 34395 |
| 320700104 | 65550 |
| 320700204 | 696089 |
| 320700205 | 14790 |
| 320800101 | 307 |

3. B-11 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള അസറ്റ് ഇനങ്ങളുടെ ആധികാരികത പരിശോധിക്കാൻ അസറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. സാംഖ്യ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവയിൽ താഴെപ്പറയും പ്രകാരമുള്ള അപാകങ്ങളുണ്ട്

| ക്രമ നമ്പർ | ഇനം | ഡിമാന്റ് I-1 | കലക്ഷൻ RP- 43 | വ്യത്യാസം |
|---|---|---|---|---|
| 1 | റസിഡൻഷ്യൽ | 1621907 | 1108001 | 513906 (*) |
| 2 | നോൺ റസിഡൻഷ്യൽ | 698595 | 447979 | 250616 (**) |

* 2017-18 AFS ലെ B-17 ഷെഡ്യൂൾ പ്രകാരം ബാലൻസൊന്നും കാണിച്ചിട്ടില്ല. ₹513906 യിൽ

2016-17 ലെ അഡ്വാൻസ് തുകയായ (B-9) ₹39648 ക്രമീകരിച്ചാൽതന്നെ ₹474258 യുടെ ബാലൻസുണ്ടായിരിക്കേണ്ടതാണ്.

** 2017-18 ലെ B-15 ഷെഡ്യൂൾ പ്രകാരം നോൺ റസിഡൻഷ്യൽ ടാക്സിലെ ബാലൻസ് ₹203498 (ലൈബ്രറി സെസ്സ് ഒഴികെ) യാണ്. ₹47118 യുടെ വ്യത്യാസം കാണുന്നു.

5. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ Liability inrespect of Stale cheques എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല. കാലാവധി കഴിഞ്ഞ ചെക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ/തീയ്യതി | ചെക്ക് നമ്പർ/തീയ്യതി | തുക |
|---|---|---|
| 21700618/16-11-2017 | 008064/16-11-2017 | 200 |
| 21700520/11-10-2017 | ലഭ്യമല്ല/28-9-2017 | 224 |
| 21600154/26-5-2016 | 000225/26-5-2016 | 1000 |

7.മുർക്കുർ നൽകിയ തുകകളുടെ എല്ലാ വിവരങ്ങളും അക്കൗണ്ടുമായി (B-18 ഷെഡ്യൂൾ)പൊരുത്തപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ മുൻ വർഷങ്ങളിൽ നൽകിയ തുകയിൽ ക്രമീകരിക്കാൻ ബാക്കിയുള്ളവയുടെ വിവരങ്ങൾ കാണിച്ചിട്ടില്ല.രജിസ്റ്റർ വർഷാന്ത്യം സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികതി അപാകങ്ങൾ

1.തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര്/തസ്തിക | കാലയളവ് |
|---|---|---|---|
| 1 | ഗാന്ധി വിലാസം എ.എൽ.പി. സ്കൂൾ, ബ്ലാത്തൂർ | ശ്രീമതി.നവ്യ സി.ജി. എൽ.പി.എസ്.എ. | 2017-18 ഒന്നാം അർദ്ധവർഷം |
| 2 | ഗാന്ധി വിലാസം എ.എൽ.പി.സ്കൂൾ,ബ്ലാത്തൂർ | ശ്രീമതി.അശ്വതി കെ.എം.. | 2017-18 ഒന്നാം അർദ്ധവർഷം |

| | | | |
|---|---|---|---|
| | | എൽ.പി.എസ്.എ. | |

2.പടിയൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ ,ഡ്രൈവിംഗ് സ്കൂളുകൾ, പൊതു വിതരണ സ്ഥാപനങ്ങൾ ,അംഗന വാടികൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

3.പടിയൂർ ഗ്രാമ ഗ്രാമപഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിലധികം ജോലി ചെയ്ത് മറ്റ് സ്ഥലങ്ങളിലേക്ക് സ്ഥലം മാറി പോകുകയോ റിട്ടയർ ചെയ്യുകയോ ചെയ്ത വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി എന്ന് ഉറപ്പുവരുത്തുന്നില്ല.ൽ ഉദാഹരണം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരൻ | തസ്തിക | ട്രാൻസ്ഫർ തിയ്യതി | തൊഴിൽ നികുതി കാലയളവ് |
|---|---|---|---|---|
| ഉളിക്കൽ സർവ്വീസ് സഹകരണ ബാങ്ക്,പടിയൂർ | സി.വി.വർഗ്ഗീസ് | സീനിയർ ക്ലർക്ക് | 06/12/2017 | രണ്ടാം അർദ്ധവർഷം |

മേൽ വിഷയങ്ങൾ പരിശോധിച്ച് തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

4.കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും, ഹോട്ടലിന്റെയോ, ബോർഡിംഗിന്റെയോ, ലോഡ്ജിംഗ് ഹൗസിന്റെയോ, ക്ലബ്ബിന്റെയോ താമസത്തിനുള്ള മുറികളുടെയോ ഏതൊരു നടത്തിപ്പുകാരനോട്ടും അല്ലെങ്കിൽ മാനേജരോട്ടും ആ കെട്ടിടമോ, ഭൂമിയോ, ഹോട്ടലോ, ബോർഡിംഗോ ,ലോഡ്ജിംഗ് ഹൗസോ, ക്ലബ്ബോ, താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ കലയേയോ ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക ഏതെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചു കൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ്, നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. പടിയൂർ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല. ഇത്തരം നടപടികളിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ഡി&ഒ ലൈസൻസ് -അപാകങ്ങൾ

1.ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് .

പടിയൂർ ഗ്രാമ പഞ്ചായത്ത് 2017-18 വർഷം താഴെ പറയുന്ന അപേക്ഷകനിൽ നിന്ന് കുറഞ്ഞ നിരക്കിലാണ് ഡി&ഒ ലൈസൻസ് ഈടാക്കിയത്.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷകൻ വാർഡ്/കെട്ടിട നം. | ആവശ്യം | ദിവസ വിറ്റുവരവ് ₹ | ഈടാക്കിയ ഫീസ്/രസീത് നം/തിയ്യതി | ഈടാക്കേണ്ടിയിരുന്ന ഫീസ് ₹ | കുറവ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ₹ | | |
| ശ്രീ.സിബു സി.എൻ. | ആയുർവേദ മരുന്ന് സ്റ്റോക്ക് ചെയ്ത് വിൽപ്പന | 15500 | 300<br>117020101039<br>03-11-2017 | 500 | 200 |

2.1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു.എന്നാൽ പടിയൂർ ഗ്രാമ പഞ്ചായത്തിൽ 31.10.2017 ന് ശേഷവും പഴയനിരക്കിൽ തന്നെ ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നു.ഭേദഗതി ഉത്തരവ് നടപ്പിലാക്കാൻ വൈകിയതിനാൽ ലൈസൻസ് ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട അധിക വരുമാനം നഷ്ടപ്പെടുകയാണുണ്ടായത്. 2018-19 വർഷം മുതൽ പുതിയ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## 2-3 ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് -തുക ഒടുക്കിയതിൽ കാലതാമസം

2017-18 വർഷം പഞ്ചായത്തിൽ നിന്നും അനുവദിച്ച 8749,8752,33267, 33271, 33273, 33274, 33275, 33276, 33277, 33278,4307,4308,4309,4310,4311,4312,4313 എന്നീ നമ്പരുകൾ ഉള്ള രസീത് ബുക്കുകൾ ഉപയോഗിച്ച് വിവിധ പ്രോജക്ടുകളിലെ ഗുണഭോക്തൃ വിഹിതം ഈടാക്കിയിരുന്നു.എന്നാൽ ഇത്തരത്തിൽ പിരിവ് വന്ന തുക ഗ്രാമപഞ്ചായത്തിലേക്ക് ഒടുക്കുന്നതിൽ കാലതാമസം വന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | രസീത് ബുക്ക് നമ്പർ | ഗുണഭോക്താക്കൾ പണം ഒടുക്കിയ തിയ്യതി | പഞ്ചായത്ത് ഫണ്ടിലേക്ക് പണം ഒടുക്കിയ തീയ്യതി |
|---|---|---|---|---|
| 1 | പ്ലാവ് ഗ്രാമം പദ്ധതി | 8749,8752,33267, 33271, 33273, 33274, 33275,33276,33277, 33278,4307,4308,4309,4310,4311,4312 | 30/10/17-₹2372.5<br>31/10/17-₹21125<br>1/11/17-₹15470<br>3/11/17-₹9555<br>4/11/17-₹1852.5 | 01/12/2017 |

| | | | | |
|---|---|---|---|---|
| | | | 6/11/17-₹3250 | |
| 2 | തെങ്ങിൻ തൈ വിതരണം | 4312,4313 | 14/3/18-₹5625 | 17/3/18 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.12/17-18 തിയ്യതി.12-02-2019) നൽകിയ മറുപടിയിൽ, ഇത്തരത്തിലുള്ള അപാകങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **2-4** <u>ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല</u>

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൌണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, ഗ്രാമപഞ്ചായത്ത് 2017-18വർഷത്തിൽ ടെണ്ടർ ചെയ്ത 16 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില 73420 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. മുൻ വർഷങ്ങളിലും ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുക ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## **3-1** <u>പട്ടിക വർഗ്ഗ യുവതി യുവാക്കൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനം - അധിക സബ്സിഡി അനുവദനീയമല്ല - **9600/-**തിരിച്ചടക്കേണ്ടതാണ്.</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രൊജക്ട് നം,പേര് | 146/18,പട്ടിക വർഗ്ഗ യുവതി യുവാക്കൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനം |
| അടങ്കൽ | 120000/-(വികസനഫണ്ട് പട്ടിക വർഗ്ഗവിഹിതം) |
| ചെലവ് | 30000/- |

| | |
|---|---|
| ബിൽ നം, തീയ്യതി | 14/09.02.2018 |
| ഓഡിറ്റ് അന്വേഷണം നം.തീയ്യതി | 02/2019 -07-02-2019 |

ജി.ഒ.(എം.എസ്)80/17തസ്വഭവ.തീ.03.04.2017സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക.8.7പ്രകാരം സ്വയം തൊഴിൽ തുടങ്ങുന്നതിന് ഇരുചക്ര വാഹനം (സൈക്കിൾ /സ്കൂട്ടർ)വാങ്ങുന്നതിന് വാഹന വിലയുടെ 33 1/3 (പരമാവധി 30000/-)സബ്സിഡിയായി നൽകാവുന്നതാണ്. ഇപ്രകാരമാണ് പ്രോജക്ടും തയ്യാറാക്കിയിട്ടുള്ളത്.

മേൽ പ്രോജക്ട് പ്രകാരം രജീഷ്.പി.കെ, കല്ലുവയൽ എന്നയാൾക്ക് സ്കൂട്ടർ (ഹീറോ ഗ്ലാമർ,റെഡ് ബ്ലാക്ക്) വാങ്ങിച്ചതിന് സബ്സിഡിയായി 30000/-രൂപ വാഹനം ഡെലിവറി നടത്തിയ ബ്രാഞ്ചിന്റെ (എക്സൽ മോട്ടോർസ്,ഇരിട്ടി) അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. Volker Motors താഴെചൊവ്വ ഹാജരാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം വാഹനത്തിന്റെ (ഹീറോ ഗ്ലാമർ)ആകെ വില 61206/-രൂപയാണ്. സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് ഇവിടെ അനുവദനീയമായ സബ്സിഡി 20400/-യാണ്. എന്നാൽ 30000/-രൂപ നൽകിയതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടിയായി അധികം നൽകിയ തുക തിരിച്ചടക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. കൂടാതെ വാഹനം 5 വർഷത്തിനുള്ളിൽ വിൽക്കുകയോ മറ്റാർക്കും കൈമാറുകയുമില്ലെന്ന കരാർ വച്ചിട്ടുമില്ല. സമർപ്പിച്ച അപേക്ഷ മറ്റൊരാളുടെ അപേക്ഷ വെട്ടിമാറ്റിയിട്ടുള്ളതുമാണ്.

അധിക സബ്സിഡി 9600/-തിരിച്ചടക്കേണ്ടതും അപകാങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 3-2 ആവശ്യമായ രേഖകളോ വിശദീകരണങ്ങളോ നൽകിയില്ല-നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഒട്ടേറെ അപാകങ്ങൾ

നിർവ്വഹണ ഉദ്യാഗസ്ഥൻ - അസി.സെക്രട്ടറി

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ആകെ 13 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും സൂക്ഷിക്കുന്നതിൽ പോരായ്മകൾ ഉണ്ടായിട്ടുണ്ട്. മിക്കവാറും പ്രോജക്ടുകൾ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നവയാണ്. എന്നാൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ, ആനുകൂല്യ വിതരണ രേഖകൾ എന്നിവ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതായുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നിർവ്വഹണം നടത്തിയ ഉദ്യാഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി പരിശോധനയിൽ കാണുന്നു. നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1.പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം

നിർവ്വഹണ ഉദ്യാഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്ട് നം.142/18

ബിൽ നം.8/10.11.2017 തുക 90,000/- രൂപ

ഓഡിറ്റ് അന്വേഷണം നം.04/2019 തീയ്യതി :11-02-2019

മേൽ പ്രോജക്റ്റ് പ്രകാരം വിദ്യാഭ്യാസത്തിന് ധനസഹായമായി 15000/- രൂപ വീതം 6 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ ആനുകൂല്യം കൈപ്പറ്റിയ വിപിന.സി D/o വേണു എന്നവർ ഹാജരാക്കിയ റേഷൻ കാർഡിന്റെ പകർപ്പിൽ വിപിന.സി യുടെ പേർ ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് അച്ചടിച്ച് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃലിസ്റ്റിൽ ഈ പ്രോജക്ടിനായി ആരെയും തെരഞ്ഞെടുത്തതായി കാണുന്നില്ല. ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളെ ഊരുകൂട്ടം തെരഞ്ഞെടുത്തതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടുമില്ല. അപാകങ്ങൾക്ക് മറുപടി നൽകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 90000/-തടസ്സപ്പെടുത്തുന്നു.

2) 8,9,10ക്ലാസ്സിൽ പഠിക്കുന്ന പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

നിർവ്വഹണ ഉദ്യാഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്ട് നം.92/18

ബിൽ നം.11/14.01.2018- 93850/-

ഓഡിറ്റ് അന്വേഷണം നം.04/2019 തീയ്യതി :11-02-2019

മേൽ പ്രോജക്റ്റ് പ്രകാരം 10 ആൺകുട്ടികൾക്കും 10 പെൺകുട്ടികൾക്കും സൈക്കിൾ വിതരണം ചെയ്യുവാനാണ് പ്രോജക്ട് തയ്യാറാക്കിയത്. അനു ഏജൻസീസ് ചെക്കിക്കുളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് സൈക്കിൾ വാങ്ങിച്ചതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സൈക്കിൾ വാങ്ങിച്ചതിന്റെ ബിൽ സൂക്ഷിച്ചിട്ടില്ല. എത്ര എണ്ണം വാങ്ങി എന്നോ എത്ര വിതരണം ചെയ്തെന്നോ വ്യക്തമല്ല. സൈക്കിൾ ലഭിച്ചതായുള്ള വിദ്യാർത്ഥികളുടെ കൈപ്പറ്റ് ഇല്ല. സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. അതേ സമയം 13.09.2017ലെ സപ്ലൈ ഓർഡറിൽ 3 എണ്ണം ആൺകുട്ടികൾക്കും 7 എണ്ണം പെൺകുട്ടികൾക്കും സൈക്കിൾ നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സൈക്കിളിന്റെ എണ്ണത്തിൽ വന്ന വ്യത്യാസ കാരണം വ്യക്തമല്ല. സ്കൂൾ അധികൃതർ മുഖേന സൈക്കിൾ വിതരണം ചെയ്തിട്ടുണ്ടോ എന്നും വ്യക്തമല്ല. രേഖകൾ ഹാജരാക്കുവാനും അപാകങ്ങൾക്ക് മറുപടി നൽകുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടുമില്ല. അപാകങ്ങൾക്ക് മറുപടി നൽകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 93850/-തടസ്സപ്പെടുത്തുന്നു.

3) 8,9,10ക്ലാസ്സിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

നിർവ്വഹണ ഉദ്യാഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്ട് നം.88/18

ബിൽ നം.13/23.01.2018 - 50000/

ഓഡിറ്റ് അന്വേഷണം നം.04/2019 തീയ്യതി :11-02-2019

മേൽ പ്രോജക്റ്റ് പ്രകാരം 7 ആൺകുട്ടികൾക്കും 3 പെൺകുട്ടികൾക്കും വേണ്ടി സൈക്കിൾ വാങ്ങി വിതരണം ചെയ്യുവാനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. ഇതിനായി അനു ഏജൻസീസ് ചെക്കിക്കുളം എന്ന സ്ഥാപനത്തിൽ നിന്നും ഏഴ് സൈക്കിൾ വാങ്ങിച്ചിട്ടുണ്ട്. ടെണ്ടറിൽ ആൺകുട്ടികളുടെ സൈക്കിളിനും പെൺകുട്ടികളുടെ സൈക്കിളിനും ഒരേ നിരക്കാണ് 5000/-രേഖപ്പെടുത്തിയിട്ടുള്ളത്.

അതേ സമയം പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിച്ചത് (പ്രോജക്ട് നം.92/18) ഇതേ സ്ഥാപനത്തിൽ നിന്നും ഇതേ കമ്പനിയുടെ (ഹീറോ), സൈസ് 26 "എന്ന് രേഖപ്പെടുത്തിയ ഇനമാണെന്ന് സപ്ലൈ ഓർഡർ പരിശോധിച്ചപ്പോൾ കണ്ടു. എന്നാൽ സാധനവില യഥാക്രമം 4590/-,4795/-ആയിരുന്നു. ഏതാണ്ട് ഒരേ സമയം സാധനങ്ങൾ വാങ്ങിച്ചപ്പോൾ വിലയിലെ ഈ അന്തരം പരിശോധിക്കപ്പെട്ടില്ല. വിതരണക്കാരനുമായി നെഗോസിയേഷൻ പോലും നടന്നില്ല.

ആനുകൂല്യം ലഭിച്ച എല്ലാവരുടെയും അപേക്ഷ ഫയലിൽ ഇല്ല.സൈക്കിൾ ലഭിച്ചതായുള്ള വിദ്യാർത്ഥികളുടെ കൈപ്പറ്റ് ഇല്ല.സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. രേഖകൾ ഹാജരാക്കുവാനും അപാകങ്ങൾക്ക് മറുപടി നൽകുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി നൽകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 50000/-രൂപ തടസ്സപ്പെടുത്തുന്നു.

4) 8,9,10ക്ലാസ്സിൽ പഠിക്കുന്ന പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

നിർവ്വഹണ ഉദ്യാഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്ട് നം.68/18 (SO)

ബിൽ നം.1/13.07.2017 - 78400/

ഓഡിറ്റ് അന്വേഷണം നം.04/2019 തീയ്യതി :11-02-2019

2017-18 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടാണിത്. ഇന്ത്യ സൈക്കിൾസ് ഉളിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും 07.04.2017 ലെ ബിൽ പ്രകാരം 16 സൈക്കിൾ 78400/-ക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ മറ്റ് വിശദാംശങ്ങളൊന്നും ഹാജരാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാനും അപാകങ്ങൾക്ക് മറുപടി നൽകുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടുമില്ല. അപാകങ്ങൾക്ക് മറുപടി/ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 78400/-രൂപ തടസ്സപ്പെടുത്തുന്നു.

5) 8,9,10ക്ലാസ്സിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

നിർവ്വഹണ ഉദ്യാഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്ട് നം.67/18 (SO)

ബിൽ നം.2/13.07.2017 – 58800/-

ഓഡിറ്റ് അന്വേഷണം നം.04/2019 തീയ്യതി :11-02-2019

2017-18 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടാണിത്. ഹീറോ നമ്പർ 1 സൈക്കിൾ ഷോപ്പ്, വള്ളിത്തോട് എന്ന സ്ഥാപനത്തിൽ നിന്നും 11.05.2017 ലെ ബിൽ പ്രകാരം 12 സൈക്കിൾ 58800/-ക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിന്റെ മറ്റ് വിശദാംശങ്ങളൊന്നും ഹാജരാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാനും അപാകങ്ങൾക്ക് മറുപടി നൽകുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടുമില്ല. അപാകങ്ങൾക്ക് മറുപടി/ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 58800/-രൂപ തടസ്സപ്പെടുത്തുന്നു.

6)പട്ടിക ജാതി വിഭാഗക്കാർക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം

നിർവ്വഹണ ഉദ്യാഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്ട് നം.144/18

ബിൽ നം.9/12.01.2018 150000

ബിൽ നം.10/12.01.2018 100000

ഓഡിറ്റ് അന്വേഷണം നം.04/2019 തീയ്യതി :11-02-2019

മേൽ പ്രോജക്ട് പ്രകാരം ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായമായി 15000/- രൂപ വീതം 16 പേർക്കും ഒരാൾക്ക് 10000/-രൂപയും നൽകിയിട്ടുണ്ട്. ആകെ 250000/- ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അച്ചടിച്ച് തയ്യാറാക്കിയ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃലിസ്റ്റിൽ ആകെ 14 പേരാണുള്ളത്. അവസാനം 3 ഗുണഭോക്താക്കളുടെ പേര് പെൻസിൽ കൊണ്ട് എഴുതി ചേർത്തിട്ടുമുണ്ട്. ഈ മൂന്നുപേരെ കൂട്ടിച്ചേർത്തത് പിന്നീട് ഗ്രാമസഭയുടെ സാധൂകരണം വാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി നൽകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 45000/- രൂപ തടസ്സപ്പെടുത്തുന്നു.

7)പട്ടിക ജാതി വിഭാഗക്കാർക്ക് ഫർണിച്ചർ

നിർവ്വഹണ ഉദ്യാഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്ട് നം.85/18

ബിൽ നം.19/16.03.2018- 64600/-

ഓഡിറ്റ് അന്വേഷണം നം.04/2019 തീയ്യതി :11-02-2019

മേൽ പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യം നൽകുന്നതിന് എസ്.ജെ. ഫർണിച്ചർ ഷോറൂം, ആയിപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും 64600/-രൂപക്ക് മേശയും കസേരയും വാങ്ങിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിച്ച ബില്ലിൽ ഫർണിച്ചറിന്റെ തരം, അളവ്, വലിപ്പം ഒന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടിൽ നിശ്ചയിച്ച/സർക്കാർ നിശ്ചയിച്ച അളവിൽ ഫർണിച്ചർ നൽകിയതായ രേഖകൾ ഹാജരാക്കിയിട്ടില്ല. എസ്.ജെ.ഫർണിച്ചർ ഷോറൂം, ആയിപ്പുഴ ഹാജരാക്കിയ 12.03.2018ലെ ബില്ലിൽ നികുതി വിവരങ്ങൾ കാണിച്ചിട്ടില്ല. സപ്ലൈ ഓർഡറിൽ സാധനങ്ങൾ 17 എണ്ണം നൽകാൻ പറയുന്നു. എന്നാൽ വാങ്ങിച്ചത് 19 എണ്ണമാണ്. 18 എണ്ണം ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ട്. എണ്ണത്തിലെ പൊരുത്തക്കേടിന് വിശദീകരണം നൽകിയിട്ടുമില്ല. ഫർണിച്ചറിന്റെ ഗുണനിലവാരപരിശോധന നടത്തിയതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. സ്കൂൾ അധികൃതർ മുഖേന ഫർണിച്ചർ വിതരണം ചെയ്തിട്ടുണ്ടോ എന്നും വ്യക്തമല്ല.രേഖകൾ ഹാജരാക്കുവാനും എല്ലാ അപാകങ്ങൾക്കും മറുപടി നൽകുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടുമില്ല. അപാകങ്ങൾക്ക് മറുപടി നൽകാത്ത സാഹചര്യത്തിൽ ചെലവഴിച്ച 64600/-രൂപ തടസ്സപ്പെടുത്തുന്നു.

## **3-3** പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് ഒടുക്കൽ - സർക്കാർ ഉത്തരവ് ഇല്ലാതെ തുക മുൻകൂറായി ഒടുക്കി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പ്രോജക്ട് നം,പേര് | 126/18,പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് ഒടുക്കൽ |
| അടങ്കൽ | 50000/-(വികസനഫണ്ട് പട്ടിക വർഗ്ഗവിഹിതം) |
| ചെലവ് | 50000/- |
| ബിൽ നം, തീയ്യതി | 4/22.09.2017 |

ചടച്ചിക്കണ്ടം പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് ഒടുക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. KSEBഇലക്ട്രിക്കൽ സെക്ഷൻ ഇരിട്ടി - യുടെ 28.06.2017ലെ BB-14/53നമ്പർ കത്ത് പ്രകാരം 3958/-രൂപ വൈദ്യുതി ചാർജിനത്തിൽ കുടിശ്ശികയായി ഒടുക്കാനുള്ളതായി പറയുന്നുണ്ട്. എന്നാൽ കുടിശ്ശിക ഒടുക്കുന്നതിന് പകരം ഒരു വർഷത്തേക്ക് വൈദ്യുതി ചാർജ് മുൻകൂറായി നൽകുകയാണുണ്ടായത്. KSEBഇലക്ട്രിക്കൽ സെക്ഷൻ ഇരിട്ടിയുടെ 27.10.2017ലെ BB/92നമ്പർ കത്ത് പ്രകാരം ആകെ 50000/-രൂപ ലഭിച്ചതായും ഇതിൽ 45459/-രൂപ മുൻകൂറായി ലഭിച്ചതായും ബാക്കി 4541/-കുടിശ്ശികയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ) 3065/16നം.10.11.2016ഉത്തരവ് പ്രകാരം പട്ടിക ജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കളായിട്ടുള്ള കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും (എസ്.സി.പി/മെയിന്റനൻസ് ഫണ്ട്)നൽകാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ചെലവഴിച്ചത് പട്ടികവർഗ്ഗ ഫണ്ടിൽ നിന്നും മുൻകൂറായിട്ടാണ്. വൈദ്യുതി ചാർജ് ഒടുക്കുന്നതിന് പട്ടികവർഗ്ഗ ഫണ്ട് മുൻകൂറായി ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. മാത്രവുമല്ല വികസനഫണ്ട് മുൻകൂറായി ചെലവഴിക്കുന്നതിന് അനുമതി നൽകിയ ഇനങ്ങളിൽ വൈദ്യുതി ചാർജ് ഒടുക്കൽ ഉൾപ്പെട്ടിട്ടുമില്ല. വൈദ്യുതി ചാർജ് മുൻകൂറായി നൽകുന്നത് സർക്കാർ ഉത്തരവ് ഇല്ലാതെ നടപ്പിലാക്കാവുന്നതല്ലെന്നും ആയതിനാൽ ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ - വിതരണ രേഖകൾ ഇല്ല- 99552/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം,പേര് | 81/18,വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ |
| അടങ്കൽ | 100000/-വികസനഫണ്ട് |
| ചെലവ് | 99552/- |
| ബിൽ നം, തീയ്യതി | 46/16.02.2018 |

| | |
|---|---|
| ഓഡിറ്റ് അന്വേഷണം നം.തീയ്യതി | 18/2019. 14-02-2019 |

പടിയൂർ ഗ്രാമ പഞ്ചായത്തിലെ പടിയൂർ, കല്യാട്, കുയിലൂർ എന്നീ സ്ഥലങ്ങളിലെ വയോജന വിശ്രമ കേന്ദ്രങ്ങൾക്ക് ഫർണിച്ചർ നൽകുന്നതിന് മേൽകാണിച്ച പ്രകാരം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. അന ഏജൻസീസ്, ചെക്കിക്കൊളം എന്ന സ്ഥാപനത്തിന്റെ 22.01.18 ലെ ബില്ലിൽ 183 എണ്ണം നീൽകമൽ ഫൈബർ കസേര മോഡൽ നം.7015ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ഇവ വരവ് വെച്ചതല്ലാതെ വിതരണം നടത്തിയതായി കാണുന്നില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ സ്റ്റോക്ക് രജിസ്റ്ററിൽ കസേരകളുടെ വിവരങ്ങൾ ചേർത്ത വിവരമോ, കൈപ്പറ്റിയതായ വിവരങ്ങളോ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറക്ക് മറുപടിയായി കൈപ്പറ്റ് വിവരങ്ങൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചെലവഴിച്ച 99552/-രൂപ തടസ്സപ്പെടുത്തുന്നു,

## 3-5 ഷ്രഡിംഗ് മെഷീൻ സ്ഥാപിക്കൽ - മെഷീൻ സ്ഥാപിച്ചെങ്കിലും - പ്രവർത്തനം തുടങ്ങിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം,പേര് | 160/18,ഷ്രഡിംഗ് മെഷീൻ സ്ഥാപിക്കൽ |
| അടങ്കൽ | 10,00,000/-രൂപ (ശുചിത്വമിഷൻ ഫണ്ട്) |
| ചെലവ് | 519372/- |
| വൗച്ചർ നം, തീയ്യതി | 21701073/17.03.2018 |
| ഓഡിറ്റ് അന്വേഷണം നം.തീയ്യതി | 13/2019 :13-02-2019 |

പടിയൂർ ഗ്രാമ പഞ്ചായത്തിനെ പ്ലാസ്റ്റിക് വിമുക്ത പഞ്ചായത്താക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്മശാനത്തിന് സമീപമുള്ള കെട്ടിടത്തിൽ പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്കിൾ ചെയ്യുന്ന ഷ്രഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. നിശ്ചിത സ്പെസിഫിക്കേഷനിലുള്ള (1Tonne/Day,100KG/HR,output capacicty 800kg.per day) മെഷീൻ സ്ഥാപിക്കുന്നതിന് ക്ലീൻ കേരളമിഷനുമായി 05.01.2018 തീയ്യതിയിൽ കരാർ വെക്കുകയും ചെയ്തു. 15HP മെഷീന്റെ വില 384552/-രൂപയും, ഇൻസ്റ്റലേഷൻ ചാർജായി 24600/-രൂപയും സൂപ്പർവിഷൻ ചാർജായി 41000/-രൂപയും ജി.എസ്.ടി തുക 69220/-ചേർന്ന് ആകെ 519372/-രൂപയാണ് ഷ്രഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ക്ലീൻ കേരളമിഷന് നൽകിയിരിക്കുന്നത്. കരാർ വ്യവസ്ഥ പ്രകാരം മുഴുവൻ തുകയും നൽകി 60 ദിവസത്തിനകം മെഷീൻ കമ്മീഷൻ ചെയ്യുന്നതാണ്. മെഷീനുകൾക്ക് സ്ഥാപിച്ച് ഒരു വർഷം വരെ വാറണ്ടി നൽകിയിട്ടുണ്ട്.

അതുപോലെ ഷ്രഡിംഗ് യൂണിറ്റിലേക്ക് 3 ഫേസ് വൈദ്യുതിലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി ഇല.സെക്ഷൻ, ഇരിക്കൂറിന്റെ എസ്റ്റിമേറ്റ് പ്രകാരം 121950/-രൂപയും മുൻകൂർ

നൽകിയിട്ടുണ്ട് (വൗ.നം 21701039/14.03.18) .14.03.2018ലെ കരാർ പ്രകാരം മൂന്ന് മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഷ്രഡിംഗ് മെഷീൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടിയായി ഇതുവരെയായി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും 3ഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ലെന്നും അറിയിക്കുകയുണ്ടായി. യൂണിറ്റിന് ആവശ്യമായ ഭൗതിക സംവിധാനം ആദ്യം ഒരുക്കാതെ മെഷീൻ സ്ഥാപിച്ചത് മൂലം മെഷീനുകൾക്ക് ഒരു വർഷം വരെ നൽകിയ വാറണ്ടി നഷ്ടപ്പെടുകയാണുണ്ടാവുന്നത്. വൈദ്യുതി കണക്ഷൻ അടിയന്തിരമായി ലഭ്യമാക്കി യൂണിറ്റിന്റെ പ്രവർത്തനം എത്രയും വേഗം തുടങ്ങി പ്രോജക്ട് യാഥാർത്ഥ്യമാക്കാനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-6 പി.എം.എ.വൈ.പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിൽ നിന്നും അനുവദിച്ച സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി ഇ ഒ കല്യാട് സർക്കിൾ

പ്രോജക്ട് :പി.എം.എ.വൈ

പ്രോജക്ട് നമ്പർ :132/2017-18

| ഫണ്ട് | തുക | ചെലവ് | ബിൽ നമ്പർ,തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 140000 | 140000 | 1/7-18 //26-09-2017 | 7 ( @ 20000 X 7 = 140000) |

2017-18വർഷത്തിൽ ആകെ 07ഗുണഭോക്താക്കളുടെ പി.എം.എ.വൈ ഭവന നിർമ്മാണം / പൂർത്തീകരണത്തിനാണ് ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന് ബിൽ പ്രകാരം തുക കൈമാറിയിട്ടുള്ളത് . ഇതിൽ 6 ഗുണഭോക്താക്കൾ ഇതിനകം ഭവന നിർമ്മാണം പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ A 1239/17//05-02-2019 നമ്പർ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 120000 രൂപ ചെലവഴിച്ചതായി അറിയിച്ചിട്ടുണ്ട്. പി.എം.എ.വൈ. പദ്ധതിക്കായി ധനസഹായം കൈപ്പറ്റിയിട്ടുള്ള ശ്രീ ശശി കെ കെ ഭവന നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഭവന നിർമ്മാണം ആരംഭിക്കാത്ത മേൽ പറഞ്ഞ ഗുണഭോക്താവിനു വേണ്ടി ഇരിക്കൂൽർ ബ്ലോക്ക് പഞ്ചായത്തിലേക്ക് പി.എം.എ.വൈ ഭവന നിർമ്മാണം വിഹിതം ആയി കൈമാറിയ 20000രൂപ നാളിതുവരെ ചെലവഴിക്കാത്ത സാഹചര്യത്തിൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തിരികെ വാങ്ങേണ്ടതാണ് . ഇത് സംബന്ധിച്ച് 12-02-2019നു നൽകിയ നമ്പർ 8 ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നു അറിയിച്ചു.

## 3-7 കന്നുകുട്ടി പരിപാലനം - വിനിയോഗപത്രം ഹാജരാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : വെറ്റിനറി സർജൻ
പ്രോജക്ട് : 113/18 --കന്നുകുട്ടി പരിപാലനം

അടങ്കൽ :₹375000 വികസന ഫണ്ട്

: ₹375000 ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത് )

ആകെ : ₹7,50,000

ചെലവ്: ₹375000 വികസന ഫണ്ട്

ബിൽ നമ്പർ :1) 11 /17-18 dtd 19-03-2018 - ₹375000

കന്നുകുട്ടി പരിപാലനം പദ്ധതിയിൽ ഉൾപ്പെട്ട 30 ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ ₹375000 എസ്.എൽ,ബി.പി,ഡെപ്യൂട്ടി ഡയരക്ടർ, കണ്ണൂരിന് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നമ്പർ 71901140000003) SLBP ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കന്നുകുട്ടികൾക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ശരിയായ അളവിൽ ലഭ്യമാകുന്നുണ്ട് എന്നും ആയത് ഗുണഭോക്താക്കൾക്ക് SLBP നൽകുന്ന വിതരണകാർഡിൽ യഥാസമയം രേഖപ്പെടുത്തുന്നുണ്ട് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. എൻറോൾ ചെയ്ത ഗുണഭോക്താക്കൾ പദ്ധതിയിൽനിന്ന് ഇടയ്ക്ക് വിട്ടുപോയിട്ടുണ്ടെങ്കിൽ അവർക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി നൽകിയ തുക SLBP യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രോജക്ട് മോണിറ്ററിംഗ് ചെയ്യേണ്ടതാണ്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. മുൻ വർഷങ്ങളിലും ഈ ഇനത്തിൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തീയാക്കിയതിന് ശേഷം ലഭ്യമാക്കേണ്ടതും കൂടാതെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയതിന് ശേഷവും തുക ചെലവഴിക്കാതെ ബാക്കിയുണ്ടെങ്കിൽ ആയത് തിരിച്ചടച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 3-8 കാർഷിക മേഖലയിലെ പദ്ധതികൾ -വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുന്നില്ല

വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണ വേളയിൽ മാത്രം സജീവമാവുകയും, പദ്ധതി നിവ്വഹണ സമയത്തും, പദ്ധതികളുടെ മോണിറ്ററിംഗ് സമയത്തും നിഷ്ക്രിയമായിരിക്കുകയുമാണെന്നാണ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മിനട്സ് പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. കാർഷിക മേഖലയിലെ ഒറ്റ പ്രോജക്ടിന്റേയും മോണിറ്ററിംഗ് ഈ വർക്കിംഗ് ഗ്രൂപ്പ് നടത്തിയിട്ടില്ല. വിവിധ പദ്ധതികളിലായി നിരവധി കാർഷിക വിളകളുടെ തൈകൾ വിത്തുകൾ എന്നിവ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇവ കൃഷി ചെയ്തോ എന്നും പ്രാദേശിക കാർഷിക വികസനം സാധ്യമായോ എന്നുമുള്ള യാതൊരു വിലയിരുത്തലുകളും പിന്നീട് ഉണ്ടാകുന്നില്ല. കാർഷിക വിളകളുടെ തൈകൾ വിത്തുകൾ എന്നിവ പലതും തികച്ചും സൗജന്യമായി ആണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വരുന്നത് . ആയതിനാൽ തന്നെ പദ്ധതികളുടെ യഥാവിധിയുള്ള ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഇത് സംബന്ധിച്ച് 12-02-2019ന നൽകിയ നമ്പർ 9 ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ

ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽല ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന അറിയിച്ചു.

## 3-9 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ആവശ്യമാണെന്ന് കമ്മിറ്റിയെ ധരിപ്പിക്കേണ്ടതും ഈ വിഷയത്തിന്മേൽ ഭരണസമിതി തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

## 3-10 റോഡ് കണക്റ്റിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു

ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാ ക്കാതെയാണ്- 29-3 -2017 ലെജി.ഒ (എം.എസ്) 72/2017/എൽ. എസ് .ജി .ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം ഗ്രാമപഞ്ചായത്ത് റോഡ് കണക്റ്റി വിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് തൻ വർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 60 പദ്ധതികളിൽ 30 എണ്ണവും റോഡ് പ്രവർത്തികളാണ്. സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം

ഫലപ്രദമാകുന്നില്ല. കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെ ഡ്രെയിനേജ് വ്യക്തമാക്കാതെ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി ഉറപ്പ് വരുത്തി സമഗ്രപദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-11 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ 2017-18വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി 197595 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന് 1975 രൂപ , നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 യുവതികൾക്ക് സ്വയം രക്ഷാ പരിശീലനം-അധികമായി അനുവദിച്ച ₹2520 നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ടിന്റെ പേര് | യുവതികൾക്ക് സ്വയം രക്ഷാ പരിശീലനം |
| പ്രോജക്ട് നമ്പർ | 148/18 |
| അടങ്കൽ | വികസന ഫണ്ട്-₹45000/-<br>തനത് ഫണ്ട്-₹55000/- |
| ചെലവ് | 45000/-<br>ബിൽ നം.തിയ്യതി-16/17-18 26-03-2018 |

പടിയൂർ ഗ്രാമപഞ്ചായത്തിലെ യുവതികൾക്ക് സ്വയം രക്ഷയ്ക്കായി കരാട്ടെ പരിശീലനം നൽകുകയായിരുന്നു പദ്ധതി ലക്ഷ്യം. നാല് ബാച്ചുകളിലായി 200യുവതികൾക്ക് കരാട്ടെ പരിശീലനം നൽകിയ വകയിൽ 20000 രൂപയും ഗുണഭോക്താക്കൾക്ക് ലഘുഭക്ഷണം നൽകിയ വകയിൽ 25000രൂപയും ഉൾപ്പെടെ ആകെ 45000/- രൂപ പരിശീലനം നൽകിയ ശ്രീ.വി.എഫ് .സെബാസ്റ്റ്യൻ എന്നവർക്ക് നൽകിയിട്ടുണ്ട്.

അറ്റൻന്റൻസ് രജിസ്റ്റർ പ്രകാരം 5 ബാച്ചുകളിലായി 179 പേർക്കാണ് പരിശീലനം ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ 200പേർക്ക് പരിശീലനം നൽകിയതിനും ലഘുഭക്ഷണം എന്നിവ നൽകിയതിനുമാണ് പരിശീലകന് തുക നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.14/17-18 തിയ്യതി.13-02-2019) ഡ്രോപ്പ് ഔട്ടായ ആളുകളെ അറ്റൻന്റൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. 200 ആളുകൾക്ക് ലഘുഭക്ഷണം നൽകിയ വകയിൽ ₹24000(200x8x15) അനുവദിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ പങ്കെടുത്തത് 179 പേരാണ്. ആയതിനാൽ ഈ ഇനത്തിൽ അധികം അനുവദിച്ച ₹2520 (21x8x15) നിരാകരിക്കുന്നു.

## 3-13 സ്കൂൾ കുട്ടികൾക്ക് ഡയറി-പദ്ധതി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ടിന്റെ പേര് | സ്കൂൾ കുട്ടികൾക്ക് ഡയറി |
| പ്രോജക്ട് നമ്പർ | 154/18 |
| അടങ്കൽ | വികസന ഫണ്ട്- ₹100000/-<br>തനത് ഫണ്ട് - ₹500/- |
| ചെലവ് | 61500/-<br>ബിൽ നം.9/17-18/14-03-2018 |

മേൽ പറഞ്ഞ പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

(എ)സ.ഉ.(എം.എസ്.)നമ്പർ.80/2017/ത.സ്വ.ഭ.വ,തിയതി.03-04-2017 പൊതു നിബന്ധനകൾ 2.2 പ്രകാരം മാർഗരേഖയിൽ പറയാത്ത ഇനത്തിലുള്ള പദ്ധതി സർക്കാരിന്റെ മുൻകൂർ അനുമതി ലഭിച്ചതിനുശേഷം മാത്രമെ തയ്യാറാക്കാവൂ. ഇത്തരത്തിൽ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. ഡയറി വിതരണം നടത്തുന്ന പ്രോജക്ട് ഏറ്റെടുക്കാമെന്ന് മാർഗ രേഖയിൽ പറയുന്നില്ല.

(ബി)ജി.ഒ.(എം.എസ്.) 72/2017 /ത.സ്വ.ഭ.വ,തിയതി.29-03-2017- 12.9(4) പ്രകാരം വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതികൾ എസ്.എസ്.എ., ആർ.എം.എസ്.എ., പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമെ ഏറ്റെടുക്കാവൂ. ഇപ്രകാരം ഉറപ്പ് വരുത്തിയിട്ടില്ല.

(സി)സ്കൂൾ ഡയറി വാങ്ങുന്നതിനായി ടെണ്ടർ സമർപ്പിച്ച യുണൈറ്റഡ് ബുക്ക് പാലസ് കണ്ണൂർ, എന്ന സ്ഥാപനം 5തരത്തിലുള്ള ഡയറികളുടെ വില വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 3 തരം ഡയറികൾക്ക് ടെണ്ടർ ലഭിച്ച കെ.പ്രകാശൻ (ബ്രദേർസ് ഓഫ് സെറ്റ് പ്രിന്റേർസ്) എന്നവർ സമർപ്പിച്ച ടെണ്ടർ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 160000 | നെൽ കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 160000 | 0 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 40000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 40000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 140000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 140000 | 0 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 1199000 | പട്ടിക വർഗ്ഗ ബദൽസ്കൂളിനു കെട്ടിട നിർമ്മാണം | 502911 | 696089 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 207500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 207500 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം.തീയ്യതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് ത്രീഫേസ് വൈദ്യുതി ലൈൻ നീട്ടൽ | 21701039 തീ14-03-2018 1044731 തീ.14-03-2018 | 121950 | 0 | 121950 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഷെയർ സർട്ടിഫിക്കറ്റ് (നം.4433) 13.05.2015 | 10000 |
| ആകെ | 10000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-25 (എഫ്) | 10000 | വിക്ടർ രാജ് കൃഷി ഓഫീസർ | 117000100637 തീയതി 23-08-2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56393351 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56262699 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12120 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 641702 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 9600 | ഗോപി.എ.പി,അസി. സെക്രട്ടറി |
| 3-12 | - | 2520 | അനിത.കെ,എസ്,ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | 90000 | ഗോപി.എ.പി,അസി. സെക്രട്ടറി. |
| 3-2(2) | 93850 | ഗോപി.എ.പി,അസി. സെക്രട്ടറി. |
| 3-2(3) | 50000 | ഗോപി.എ.പി,അസി. സെക്രട്ടറി. |
| 3-2(4) | 78400 | ഗോപി.എ.പി,അസി. സെക്രട്ടറി. |
| 3-2(5) | 58800 | ഗോപി.എ.പി,അസി. സെക്രട്ടറി. |
| 3-2(6) | 45000 | ഗോപി.എ.പി,അസി. സെക്രട്ടറി. |
| 3-2(7) | 64600 | ഗോപി.എ.പി,അസി. സെക്രട്ടറി. |
| 3-4 | 99552 | കെ.നാരായണൻ,സെക്രട്ടറി |
| 3-13 | 61500 | അനിത.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 641702 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിത.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, പടിയൂർ ഗ്രാമ പഞ്ചായത്ത് | ശ്രീനിലയം, നിട്ടുവള്ളൂർ, ഇരിക്കൂർ പി.ഒ. |
| ഗോപി, എ.പി. അസി.സെക്രട്ടറി | അസി.സെക്രട്ടറി ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് | അപ്പിയിൽ ഹൌസ് പുലിക്കാട്,പടിയൂർ പി.ഒ |
| കെ.നാരായണൻ, സെക്രട്ടറി | സെക്രട്ടറി പടിയൂർ ഗ്രാമ പഞ്ചായത്ത് | നികുഞ്ജംഹൌസ്, ചൂളിയാട്,മലപ്പട്ടം പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | LF/KNR/C4/2078/17 തീ.09.04.2018 | 13 |
| 2003-04 | LF/KNR/C4/2078/17 തീ.09.04.2018 | 9 |
| 2004-05 | LF/KNR/C4/2078/17 തീ.09.04.2018 | 15 |
| 2005-06 | LF/KNR/C4/2078/17 തീ.09.04.2018 | 5 |

| | | |
|---|---|---|
| 2006-07 | LF/KNR/C4/2078/17 തീ.09.04.2018 | 8 |
| 2007-08 | LF/KNR/C4/2078/17 തീ.09.04.2018 | 7 |
| 2008-09 | LF/KNR/C4/2078/17 തീ.09.04.2018 | 5 |
| 2009-10<br>2010-11<br>2011-12 | LF/KNR/C4/2078/17 തീ.09.04.2018 | 56 |
| 2012-13<br>2013-14 | LF/KNR/C4/2078/17 തീ.09.04.2018 | 22 |
| 2014-15 | LF/KNR/C4/2078/17 തീ.09.04.2018 | 25 |
| 2015-16 | LF/KNR/C4/2227/16 തീ.23.01.2017 | 12 |
| 2016-17 | LF/KNR/C4/1636/17 തീ.01.11.2017 | 3 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.14/187/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 22.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,<br>ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

## റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Padiyoor Kalliad Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11074774.00 |
| Cash | Cash | RP-40(a) | 5785.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 643210.00 |
| 130000000 | Rental income from Panchayat Properties | RP-3 | 4845.00 |
| 140000000 | Fees & User Charges | RP-4 | 403850.00 |
| 150000000 | Sale & Hire Charges | RP-5 | 324128.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43826898.00 |
| 171000000 | Interest Earned | RP-9 | 245865.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8494997.00 |
| 350000000 | Other Liabilities | RP-36 | 39159.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 34119.00 |
| 311000000 | Earmarked Funds | RP-29 | 8405.00 |
| 340000000 | Deposits Received | RP-34 | 138100.00 |
| 350000000 | Other Liabilities | RP-36 | 132398.00 |
| 410000000 | Fixed Assets | RP-38 | 0.0 |
| 412000000 | Capital Work In Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 2003377.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 94000.00 |
| | Grand total | | 67473910.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3656225.00 |
| 220000000 | Administrative Expenses | RP-12 | 681371.00 |
| 230000000 | Operations & Maintenance | RP-13 | 608545.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4452774.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13206641.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 521838.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 405606.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 371120.00 |
| 255000000 | Maintenance Projects | RP-20 | 6409825.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 85000.00 |
| 280000000 | Prior Period item | RP-26 | -9130.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 6210027.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2090.00 |
| 311000000 | Earmarked Funds | RP-29 | 142500.00 |
| 340000000 | Deposits Received | RP-34 | 14400.00 |
| 350000000 | Other Liabilities | RP-36 | 2319427.00 |
| 410000000 | Fixed Assets | RP-38 | 15542761.00 |
| 412000000 | Capital work in Progress | RP-40 | 964572.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 32474.00 |
| 460000000 | Loans, Advances and Deposits | RP-47 | 644633.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 11211211.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 67473910.00 |

# അനുബന്ധം-2-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Padiyoor Kalliad Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3184746.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4845.00 |
| 140000000 | Fee & User Charges | I-4(b) | 455850.00 |
| 150000000 | Sale & Hire Charges | I-5(b) | 325138.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 88005595.00 |
| 171000000 | Interest Earned | I-8 | 245865.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 460511.00 |
| | Total Income | | 92682550.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10307102.00 |
| 220000000 | Administrative Expenses | I-11(b) | 720266.00 |
| 230000000 | Operations & Maintenance | I-12(b) | 797545.00 |
| 240000000 | Interest & Finance Charges | I-13 | 2090.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8952787.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20917016.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 521838.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 405606.00 |

| | | | |
|---|---|---|---|
| | | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 38412420.00 |
| 255000000 | Maintenance Projects | I-14(e) | 6409825.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 85000.00 |
| 270000000 | Provisions and Write off | I-16 | 5542.00 |
| 272000000 | Depreciation | I-17(a) | 6007318.00 |
| | Total Expenditure | | 93544355.00 |
| | Gross Surplus/ Deficit of income over Expenditure | | -861805.00 |
| 280000000 | Prior Period Item | I-18 | -398852.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -462953.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**അനുബന്ധം-2-3**

# ബാലൻസ് ഷീറ്റ്

Padiyoor Kalliad Grama Panchayat

| BALANCE SHEET | | | |
|---|---|---|---|
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 379509.80 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 112979.00 |
| 312000000 | Reserves | B-3 | 54935383.00 |
| | Total Reserve & Surplus | | 55427871.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6906181.00 |
| | Total Grants, Contributions for Specific Purposes | | 6906181.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 230181.00 |
| 350000000 | Other Liabilities | B-9 | 829528.10 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 1059709.10 |
| | TOTAL LIABILITIES | | 63393761.90 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63781777.00 |
| 411000000 | Accumulated Depreciation | B-11 | -15184584.00 |
| 412000000 | Capital Work in Progress | B-11(a) | 1972238.00 |
| | Total Fixed Assets | | 50569431.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000.00 |
| | Total Investments | | 10000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1190186.90 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 11211211.00 |
| 460000000 | Loand, Advances and Deposits | B-18 | 412933.00 |

| | |
|---|---|
| Total Current Assets, Loans and Advances | 12814330.90 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 63393761.90 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.